## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ.2953** **18.06.2018- ൽ മറുപടിയ്ക്ക്**

## ഇടക്കൊച്ചി സർക്കാർ ഹൈസ്കൂൾ വികസനത്തിനായി ഭൂമി

| ചോദ്യം:<br>ശ്രീ. ജോൺ ഫെർണാണ്ടസ് | മറുപടി:<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| **(എ)** എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ സർവ്വേ നമ്പർ.349/12, 350/1,2,4,5 എന്നിവയിൽപ്പെട്ട 1 ഏക്കർ 23 സെന്റ് ഭൂമിയും, സർവ്വെ നമ്പർ.287/2, 289/1,2,3,4,8 ൽപ്പെട്ട 1.69.420 ഏക്കർ ഭൂമിയും സംബന്ധിച്ച ബോട്ട്-ഇൻ-ലാൻഡ് കേസുകൾ സുപ്രീം കോടതി തള്ളിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഇടക്കൊച്ചി സർക്കാർ ഹൈസ്കൂളിന്റെ വികസനത്തിനായും മറ്റ് ജനോപകാരപ്രദമായ പദ്ധതികൾക്കായും വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) ബോട്ട്-ഇൻ-ലാൻഡായി ഭൂമി ഏറ്റെടുത്ത സർക്കാർ നടപടിക്കെതിരെ സുപ്രീം കോടതിയിൽ നിലവിലുള്ള കേസ് തള്ളിയതായി ഉത്തരവുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |
| **(ബി)** ഇതു സംബന്ധിച്ച് 06.04.2018 ൽ നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് ലഭിച്ച കത്തിന്മേൽ തഹസിൽദാരുടെ വിശദമായ റിപ്പോർട്ട് തേടിയിട്ടുണ്ട്.റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ